അദ്ധ്യായം 7

# പാതാളത്തിന്റെ വാതിലുകളും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും

ജെ. ജി. ടോൾ

വിവർത്തനം: ബൈജു. വി. ബാലൻ (09650383432)

[മത്തായി 16:18 ൽ പാതാള ഗോപുരങ്ങൾ എന്നാണ് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നത്. വാതിലും (Gate) ഗോപുരവും (Tower, മത്താ. 21:33) വ്യത്യസ്ത അർത്ഥം വരുന്ന രണ്ടു വാക്കുകൾ ആണ്. ഗോപുരം എന്ന് തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് 9 പ്രാവശ്യം പുതിയ നിയമത്തിൽ കാണുവാൻ കഴിയും. 6 പ്രവാശ്യം ഈ വാക്ക് വാതിൽ എന്ന് മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്നു. ഗോപുരം എന്ന് തർജ്ജമ ചെയ്തിരിക്കുന്ന മറ്റു മൂന്നിടത്തും (മത്താ. 16:18, അ. പ്ര.3:10, 9:24) വാതിൽ തന്നെയാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്. മത്താ. 21:33 ൽ ഗോപുരം എന്നർത്ഥം വരുന്ന മറ്റൊരു ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ആകയാൽ ഈ അദ്ധ്യായത്തിൽ ഗോപുരം എന്ന വാക്കിന് പകരം വാതിൽ എന്നു തന്നെ തർജ്ജമ ചെയ്തിരിക്കുന്നു – വിവർത്തകൻ]

മത്തായി 16–ൽ സഭയെക്കുറിച്ച് കർത്താവ് ആദ്യമായി സംസാരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്ത് കെട്ടിടവും അതിന്റെ അടിസ്ഥാനമായ പാറയും കൂടാതെ വലിയ താൽപ്പര്യമുളവാക്കുന്ന രണ്ടു ജോഡി സത്യങ്ങൾകൂടി കാണുവാൻ കഴിയും. അതായത് പാതാളവും അതിന്റെ വാതിലുകളും, രാജ്യവും അതിന്റെ താക്കോലും.

ദൈവിക സത്യത്തിന്റെ വൈവിദ്ധ്യമാർന്ന അനേക വശങ്ങൾ നമുക്ക് മുമ്പാകെ കൊണ്ടു വരുവാനായിട്ടാണ് വാതിലുകൾ എന്ന പ്രയോഗം തിരുവചനത്തിൽ ഉപയോഗിച്ചിരിക്കുന്നത് എന്നതിനാൽ അതിൽ ഏത് വശമാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് എന്നതാണ് ചോദ്യം. ചില സന്ദർഭങ്ങളിൽ വാതിൽ പ്രതിരോധത്തെ കാണിക്കുന്നതിനാൽ സഭ എന്ന സൈന്യത്തിന്റെ ആക്രമണത്താൽ വളയപ്പെട്ട പട്ടണമാണ് പാതാളം എന്ന ആശയമാണ് ഇവിടുള്ളതെന്ന് ചിലർ ചിന്തിക്കുന്നു. ഈ വീക്ഷണം സ്വീകരിച്ചിരിക്കുന്നവർ ഒരു നാൾ സഭ പാതാളത്തെ ജയിക്കും എന്ന് അഭിപ്രായപ്പെടുകയില്ല എങ്കിലും സാത്താന്റെ അധികാരത്തിൽ നിന്നും പാതാള നിവാസികളിൽ ചിലരുടെ എങ്കിലും മോചനം സാധ്യമാകത്തക്കവണ്ണം അതിന്റെ വാതിലുകളെ ബലമായി തുറക്കുവാൻ സാധിക്കുമായിരിക്കും എന്ന് അവർ വിചാരിക്കുന്നു. ഈ ആശയം ഈ സന്ദർഭത്തിന് അനുയോജ്യമല്ല എന്നാണ് ഞങ്ങൾ കരുതുന്നത്. ഇവിടെ സഭയെ ഒരു സൈന്യമായല്ല പകരം കെട്ടിമായാണ് കാണുന്നത്. കൂടാതെ സജീവമായ ഉത്തരവാദിത്വത്തിനല്ല നിത്യ സുരക്ഷയ്ക്കാണ് ഇവിടെ ഊന്നൽ നൽകിയിരിക്കുന്നത്. ഇളക്കുവാൻ കഴിയാത്ത പാറമേൽ ഉറപ്പോടെ അടിസ്ഥാനമിട്ടിരിക്കുന്ന കെട്ടിടത്തിന് ഊനം വരുത്തുവാനോ അതിനെ നശിപ്പിക്കുവാനോ പാതാള വാതിലുകൾക്ക് പ്രാപ്തിയില്ല; ഇതാണ് കർത്താവിന്റെ വാക്കുകളുടെ വ്യക്തമായ അർത്ഥം.

വേദപുസ്തക കാലയളവുകളിൽ പട്ടണവാതിൽ ആലോചനയുടേയും, ഭരണത്തിന്റേയും, സ്വാധീനത്തിന്റേയും സ്ഥാനമായിരുന്നു. ഉദാഹരണത്തിന് ആവർ. 16:18, സദൃ. 31:23, ഇയ്യോ. 31:21 നോക്കുക. തന്നിമിത്തം ശത്രുക്കളുടെ വാതിൽ കൈവശമാക്കുക (ഉൽപ്പ. 22:17) എന്നു പറഞ്ഞാൽ ആവരുടെ ഭരണത്തിന്റെയും വിഭവങ്ങളുടെയും സമ്പൂർണ്ണ നിയന്ത്രണം കൈക്കലാക്കുക എന്നാണർത്ഥം. സാത്താന്യമൊ, പൈശാചികമൊ, മാനുഷികമൊ ആയ ദുഷ്ടന്റെ അധികാരത്തിൽ കീഴിലുള്ള തിന്മയുടെ ശക്തികളെയാണ് പാതാളം (ഗ്രീക്കിൽ *ഹെഡിസ്*) ഇവിടെ സൂചിപ്പിക്കുന്നത് (യെശ.28:15, 16, യാക്കോ.3:6). കർത്താവായ യേശുക്രിസ്തു “ശത്രുവിന്റെ സകല ബലവും” (ലൂക്കോ. 10:19) എന്ന് വിളിച്ച സാത്താന്റെ ദുഷ്ടത നിറഞ്ഞ ആലോചനകളുടേയും, വിരോധ ശക്തികളുടേയും

ആകെത്തുകയെ ആണ് പാതാളവാതിലുകൾ പ്രതിനിധീകരിക്കുന്നത്. സാത്താനോ, അവന്റെ ദുഷിച്ച കൂട്ടുകെട്ടിനോ, അവരുടെ സകല കുടിലതന്ത്രങ്ങളോടും ശക്തിയോടും കൂടി, കർത്താവ് തന്റെ സ്വന്ത ദൈവിക വ്യക്തിത്വമെന്ന ഉറച്ച പാറമേൽ പണിയുന്ന സഭയെ ഒന്നു തൊടുവാൻ പോലും കഴിയുകയില്ല. കാരണം കർത്താവ് “വിരോധി”യേക്കാൾ ശക്തൻ ആകുന്നു. സഭയെ, ഊനമില്ലാത്തതും, അജയ്യവും, ക്രിസ്തുവിൽ സുരക്ഷിതവുമായ ഒരു ദൈവിക പ്രവർത്തി എന്ന പദവിയുടെ വീക്ഷണത്തിലാണ് ഇവിടെ കാണിച്ചിരിക്കുന്നത്. സാത്താൻ അതിന്റെ വേലയെ തടസ്സപ്പെടുത്തുവാൻ ശ്രമിക്കും. പക്ഷെ അതിന്റെ നിർമ്മാതാവ് ദൈവവും, അടിസ്ഥാനം അഭേദ്യവും ആയതിനാൽ തന്റെ സകല സാമർത്ഥ്യത്താലും അവന് അതിനെ ജയിക്കുവാൻ കഴിയുകയില്ല.

താക്കോൽ പത്രോസിനെ ഭരമേൽപ്പിക്കുന്നതിനോടുള്ള ബന്ധത്തിൽ, “വിശുദ്ധനായ പത്രോസ്” ആരെ സ്വർഗ്ഗീയ ആനന്ദത്തിലേക്ക് കടത്തി വിടേണം ആരെ കടത്തി വിടേണ്ട എന്ന് തീരുമാനിക്കുവാനായി സ്വർഗ്ഗ കവാടത്തിൽ നിൽകുന്നു എന്ന ജനപ്രിയ ആശയം കർത്താവിന്റെ വാക്കുകളുടെ സാധ്യമായതിൽ വച്ചേറ്റവും വിചിത്രമായ തെറ്റിദ്ധാരണയാണ് എന്ന് പ്രത്യേകിച്ച് എടുത്തു പറയേണ്ട ആവശ്യം ഇല്ല. മറ്റു ചില വ്യാഖ്യാനങ്ങൾ ഇതിലും മോശമാണ്. “സ്വർഗ്ഗരാജ്യ”ത്തിന്റെ അർത്ഥമെന്താണെന്നും അതിന് **എന്റെ സഭ**യുമായുള്ള ബന്ധമെന്താണെന്നും നാം പരിശോധിച്ചാൽ എന്താണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത് എന്ന് വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

മുന്തിരിത്തോട്ടത്തിന്റെ ഉപമയും അതിനോട് അനുബന്ധിച്ചുള്ള വിശദീകരണവും ഈ വിഷയത്തിൽ ഏറ്റവും അധികം പ്രകാശനം നൽകുന്ന ഭാഗമാണ്, വിശേഷാൽ മത്തായി നൽകുന്ന വിവരണം. ഉചിതമായ കാരണങ്ങളാൽ മത്തായിയുടെ സുവിശേഷത്തെ “രാജ്യത്തിന്റെ സുവിശേഷം” എന്നാണ് അറിയപ്പെടുന്നത്. ഈ ഘട്ടത്തിൽ താൻ മാത്രമേ മുന്തിരിത്തോട്ടം എന്ന ദൃഷ്ടാന്തത്തിലൂടെ രാജ്യത്തെ ഒരു ആത്മീയ യാഥാർത്ഥ്യമായി എടുത്തു പറയുന്നുള്ളൂ. 16–ാം അദ്ധ്യായത്തിൽ സ്വർഗ്ഗരാജ്യം എന്നു പറയുമ്പോൾ അവിടെ താൻ “ദൈവരാജ്യം” എന്നാണ് പറയുന്നത്. ഇത് ശ്രദ്ധിക്കേണ്ടതാണ്. (മത്തായി 21:43, 33–46 വായിച്ചാലും) ദൈവരാജ്യം എന്ന പ്രയോഗം രാജ്യത്തെ അതിന്റെ ഉടമസ്ഥനായ വ്യക്തിയോടുള്ള ബന്ധത്തിലാണ് വീക്ഷിക്കുന്നത്. മത്തായി 21–ൽ ആ പ്രയോഗത്തിന്റെ ഔചിത്യം പ്രകടമാണ്. കാരണം അവിടെ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. തനിക്ക് അവകാശപ്പെട്ടത് ഉറപ്പാക്കാനുള്ള തന്റെ ശ്രമങ്ങൾ, തന്റെ പുത്രനെ കൊന്നുകളഞ്ഞ ദുഷ്ടന്മാരായ കുടിയാന്മാരുടെ മേൽ തന്റെ നീതിയുള്ള ന്യായവധി, മുന്തിരിത്തോട്ടം മറ്റു കുടിയാന്മാരെ, അവരിൽ നിന്നും ഫലം നേടേണ്ടതിനായി താൻ ഏൽപ്പിക്കുന്നത് തുടങ്ങിയവ. മനുഷ്യനോടുള്ള ദൈവത്തിന്റെ ഇടപെടലുകളിൽ തന്റെ പരമാധികാരമാണ് ഇവിടെ പ്രതിനിധീകരിച്ചിരിക്കുന്നത്. ഈ അവസരത്തിൽ “ദൈവരാജ്യം” എന്ന പ്രയോഗം വളരെ സന്ദർഭോചിതമാണ്. “സ്വർഗ്ഗരാജ്യം” എന്ന പ്രയോഗം രാജ്യത്തിന്റെ സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. മത്തായി 16–ൽ പാതാള വാതിലുകളോടുള്ള താരതമ്യത്തിലാവാം ഇത് ഉപയോഗിച്ചിരിക്കുന്നത്.

മുന്തിരിത്തോട്ടത്തിന്റെ ഉപമയിലുള്ള വളരെ പ്രധാനപ്പെട്ട ഒരു വസ്തുത ദൈവരാജ്യം യുഗാന്തര സ്വഭാവമുള്ളതാണെന്ന വ്യക്തമായ പഠിപ്പിക്കലാണ്. ദൈവരാജ്യം ഏതെങ്കിലും ഒരു യുഗത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല പകരം വിവിധ രൂപത്തിൽ എല്ലാ യുഗങ്ങളിലും നിലനിന്നുവരുന്ന ഒന്നാണെന്നാണ് ഇതുകൊണ്ട് ഞങ്ങൾ

അർത്ഥമാക്കുന്നത്. ഇത് ദൈവികഭരണത്തിന്റെ മണ്ഡലമാണ്. അല്ലെങ്കിൽ മറുവശത്തെ നിലപാടിൽ നിന്നുകൊണ്ട് വ്യക്തമാക്കിയാൽ, ഒരു പ്രത്യേക യുഗത്തിൽ മനുഷ്യനെ ഭരമേൽപ്പിച്ചിരിക്കുന്ന കാര്യങ്ങളുടെ ആകെത്തുക. മുന്തിരിത്തോട്ടത്തിന്റെ ഉപമയിൽ നാം ഇത് ആദ്യം ഇസ്രായേലിനെ ഭരമേൽപ്പിച്ചിരുന്നതായി കാണുന്നു. മഹാപുരോഹിതന്മാരും പരീശന്മാരും ഇത് കേട്ടപ്പോൾ അവൻ തങ്ങളെക്കൊണ്ട് പറയുന്നു എന്ന് അറിഞ്ഞു, അവർ ശരിയുമായിരുന്നു. അവർ തങ്ങളുടെ ദുഷ്ടപ്രവർത്തിയെ നിവർത്തിക്കുവാൻ ജാതികളെയാണ് ഉപയോഗിച്ചത് എങ്കിലും ഇസ്രായേലിന്റെ നേതാക്കന്മാരാണ് ഉടമസ്ഥന്റെ പുത്രനെ കൊന്നത്. ഈ ഭാഗത്ത് കർത്താവ് ഉപയോഗിച്ച അതേ പ്രവചനഭാഗം ഉപയോഗിച്ചുകൊണ്ട് (സങ്കീ. 118:2) പത്രോസ് ഈ വാക്കുകളാൽ മശീഹായെ കൊന്നതിന്റെ അപരാധം രാജ്യത്തെ ഭരണാധികാരികളുടെ മേൽ വയ്ക്കുന്നു. "വീട് പണിയുന്നവരായ **നിങ്ങൾ** തള്ളിക്കളഞ്ഞിട്ട് കോണിന്റെ മൂലക്കല്ലായി**ത്തീർന്ന** കല്ല് ഇവൻ തന്നെ" (അപ്പൊ. 4:11). പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചുകഴിഞ്ഞിരുന്നു; മുന്തിരിത്തോട്ടം മറ്റു കുടിയാന്മാരെ ഭരമേൽപ്പിക്കപ്പെട്ടിരുന്നു. ആരാണ് ഈ മറ്റു കുടിയാന്മാർ? എന്താണീ ഫലം കൊടുക്കുന്ന രാജ്യം?അല്ലെങ്കിൽ ഇസ്രായേൽ തള്ളിക്കളഞ്ഞ കല്ലിന്മേൽ പണിതിരിക്കുന്ന ഈ പുതിയ കെട്ടിടം എന്താണ് ? (ജാതി എന്ന് മലയാളം ബൈബിളിൽ തർജ്ജമ ചെയ്തിടത്തെല്ലാം Nation എന്നർത്ഥം വരുന്ന രാജ്യം/രാഷ്ട്രം എന്നാണ് വരേണ്ടത്. അല്ലാതെ Caste എന്നർത്ഥം വരുന്ന ജാതി എന്നല്ല – വിവർത്തകൻ).

പത്രോസ് വീണ്ടും, ഇപ്രാവശ്യം തന്റെ ലേഖനത്തിൽ, പുതുതായി ഇതേ പ്രവചനം ഉദ്ധരിച്ചുകൊണ്ട് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു. വർത്തമാന യുഗത്തിലെ ക്രിസ്തീയ വിശ്വാസികൾക്ക് എഴുതിക്കൊണ്ട് താൻ പറയുന്നു, "മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ടവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മിക ഗൃഹമായി ......... പണിയപ്പെടുന്നു". "വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു തന്നേ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്കൽപാറയുമായിത്തീർന്നു" എന്നു താൻ തുടർന്നു പറയുന്നു. അവസാന വാക്കുകൾ യെശ 8:174ന്റെയും മത്താ. 21:44 ലെ കർത്താവിന്റെ വാക്കുകളുടെയും സൂചന നൽകുന്നു. 1 പത്രൊ. 2:1–10 വായിക്കുക. 9–ാം വാക്യത്തിൽ താൻ ഇപ്രകാരം എഴുതുന്നു, "നിങ്ങൾ..... തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതി (രാജ്യം) ആകുന്നു". പത്രോസ് തന്റെ പ്രസംഗങ്ങളിലോ ലേഖനങ്ങളിലോ സഭ എന്ന വാക്ക് ഒരിക്കലും ഉപയോഗിക്കുന്നില്ലെങ്കിലും ഈ ഭാഗത്ത് കെട്ടിടമെന്നും രാജ്യമെന്നും താൻ സഭയെക്കുറിച്ചാണ് പറയുന്നത്. തന്റെ പുത്രനെ ത്യജിക്കുക നിമിത്തം ദൈവം ഇസ്രായേൽ രാഷ്ട്രത്തെ മാറ്റിവയ്ക്കുകയും പെന്തക്കോസ്ത് നാളിൽ സഭ എന്ന ഒരു പുതിയ പ്രവർത്തി ആരംഭിക്കുകയും ചെയ്തു. മത്താ. 16:18–ൽ പറയുന്നതിൻ പ്രകാരം ഇതാണ് ഇപ്പോൾ തന്റെ കെട്ടിടം; ഇതാണ് തന്റെ രാജ്യത്തിന്റെ ഇപ്പോഴത്തെ രൂപം. സഭ ഇസ്രായേലിനെപ്പോലെ ഒരു ഭൗമിക രാജ്യമല്ല പകരം സ്വർഗ്ഗീയമാണ്, യഹൂദനാകട്ടെ മറ്റു രാജ്യക്കാരാകട്ടെ സൂര്യനു കീഴിലുള്ള സകല ദേശത്തു നിന്നും വിശ്വസിക്കുന്നവരാൽ രൂപം കൊണ്ട ഒരു ആത്മിക രാജ്യം (അ.പ്ര.15:14, 1 പത്രോ.2:10, എഫെ. 2:11–22, ഫിലി. 3:20). അതുകൊണ്ട് വർത്തമാന യുഗത്തിൽ ദൈവരാജ്യത്തിന് ഒരു സ്വർഗ്ഗീയ, ആത്മീക രൂപമാണ് ഉള്ളത്. ഉദാഹരണത്തിന് റോമ. 14:17, 1 കൊരി. 4:20, കൊലൊ. 1:13, 4:11, അ.പ്ര. 19:8, 20: 24,25, 28:31 നോക്കുക.

മത്തായി 21:4 ൽ പറഞ്ഞിരിക്കുന്ന മറ്റു കുടിയാന്മാർ വരുവാനിരിക്കുന്ന നാളുകളിൽ, സഭായുഗം കഴിയുമ്പോൾ പുനഃസ്ഥാപിക്കപ്പെടുന്ന ഇസ്രായേലിലെ ശേഷിപ്പാണെന്നാ

ചിലർ ചിന്തിക്കുന്നത്. യെശയ്യാ. 28:16 പോലുള്ള ഈ വിഷയത്തെ പ്രതിപാദിക്കുന്ന ചില പ്രവചന ഭാഗങ്ങൾ ആക്ഷരികമായി ഇവരെക്കുറിച്ചാണ് പറയുന്നത് എങ്കിലും പുതിയ നിയമത്തിലെ പ്രയോഗം വർത്തമാന യുഗത്തിലെ ദൈവജനമായ സഭയെക്കുറിച്ചാണ്, ഇസ്രായേൽ ഒരു രാഷ്ട്രമെന്ന നിലയിൽ തള്ളിക്കളയപ്പെട്ട ഈ കാലയളവിൽ താൻ സ്വന്തമായിരിക്കുന്ന സംഘം. ഞങ്ങൾ വ്യക്തമാക്കുവാൻ ശ്രമിച്ചിരിക്കുന്നതപോലെ മത്തായി 21–ന്റെ പ്രയോഗം സഭയോടുള്ള ബന്ധത്തിലാണ്. ഇതാണ് പുതിയനിയമ പഠിപ്പിക്കലുകളോട് നിരക്കുന്ന ഏറ്റവും സ്വാഭാവികമായ വിശദീകരണം.

രാജ്യത്തിന്റെ മർമ്മങ്ങളെക്കുറിച്ചുള്ള ഉപമകൾ (മത്തായി 13) വർത്തമാന രൂപത്തിലുള്ള രാജ്യത്തിന്റെ പുരോഗതി സുവിശേഷ പ്രസംഗത്താലും വീണ്ടും ജനനത്തിന്റെ വ്യക്തിപരമായ അനുഭവത്താലുമാണ് നിർവ്വഹിക്കപ്പെടുക എന്നു വെളിപ്പെടുത്തുന്നു. വർത്തമാന സഭായുഗം മുഴുവനും, കർത്താവിന്റെ മഹത്വ പ്രത്യക്ഷതയ്ക്ക് തൊട്ടു മുമ്പുള്ള ചെറിയ ഇടവേളയിലും, ഇത് അപ്രകാരം തന്നെ ആയിരിക്കും. അതിനുശേഷം പഴയനിയമ പ്രവചാകന്മാർ അത്യാഹ്ലാദത്തോടുകൂടി വിവരിച്ചിരിക്കുന്നതിൻ പ്രകാരം രാജ്യം ഒരു പുതിയ രൂപമെടുക്കും. ഇപ്പോഴത്തെ ആത്മീയ, സ്വർഗ്ഗീയ ജീവൽഘടനയ്ക്ക് പകരം, രാജ്യം സാർവ്വ ഭൗമിക രാഷ്ട്രീയ ക്രമമാകും, തന്നെ ത്യജിച്ച ലോകത്തോടുള്ള ബന്ധത്തിൽ കർത്താവായ യേശുക്രിസ്തു ന്യായോചിതമായ സ്ഥാനം കൈക്കൊണ്ട് തന്റെ പിതാവായ ദാവീദിന്റെ സിംഹാസനത്തിലിരുന്ന് പുനഃസ്ഥാപിക്കപ്പെട്ട ഇസ്രായേലിന്മേൽ വാഴുകയും ഭൂമിയുടെ അറ്റത്തോളം നീതിയും അനുഗ്രഹവും പകർന്നുകൊടുക്കുകയും ചെയ്യും. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ മുൻയുഗങ്ങളിലെ വിശുദ്ധന്മാർക്ക് ഈ രാജ്യത്തിൽ സ്ഥാനം ഉണ്ടായിരിക്കും. (ലൂക്കോ.13:28) കൂടാതെ സഭ സ്വയം മഹത്വീകരിക്കപ്പെട്ട്, ക്രിസ്തുവിന്റെ മണവാട്ടിയായി അവനോടുകൂടെ വാഴും.

എന്നാൽ രാജ്യത്തിന്റെ വർത്തമാന രൂപമായ സഭയോടുള്ള ബന്ധത്തിലാണ് “രാജ്യത്തിന്റെ താക്കോൽ” എന്നു പറഞ്ഞിരിക്കുന്നത്. കതക് തുറക്കുകയും അടയ്ക്കുകയും ചെയ്യുവാനാണ് താക്കാൽ (യെശ. 22:22). പിന്നീട് പറഞ്ഞിരിക്കുന്ന കെട്ടുകയും അഴിക്കുയും എന്ന പ്രസ്താവനകൾ ഈ ഉത്തരവാദിത്വങ്ങളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. ഇതേ വാക്കുകൾ മത്തായി 18:18–ലും കാണാം. എന്നാൽ അവിടെ സ്ഥലം സഭയിലെ ശിക്ഷണ നടപടിയോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ക്രിയാശബ്ദത്തിന്റെ കാലങ്ങളുടെ കൃത്യമായ അർത്ഥത്തെക്കുറിച്ച് വളരെയധികം ചർച്ചകൾ നടന്നിട്ടുണ്ട്. “എന്തൊക്കെ നീ ഭൂമിയിൽ കെട്ടുന്നുവോ അതുണ്ടാവും, സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കയാൽ” എന്നാണ് ഇതിന്റെ പ്രഭാവമെന്നാണ് ചില വ്യാഖ്യാതാക്കൾ സമർത്ഥിക്കുന്നത്. അതായത് സ്വർഗ്ഗം മുൻകൂട്ടി നിശ്ചയിച്ച തീരുമാനമാണ് ഭൂമിയിൽ എടുക്കപ്പെട്ടത് എന്നതിനാൽ അത് നിലനിൽക്കും. മറ്റുള്ളവർ ക്രിയാശബ്ദത്തിന് ഈ രൂപമില്ലെന്ന് പറയുന്നു. എന്തായാലും ഭൂമിയിൽ എടുക്കുന്ന തീരുമാനങ്ങൾ സ്വർഗ്ഗം നിരുപാധികമായി സാധൂകരിക്കുവാനും പിന്താങ്ങുവാനും ഒരു കാലത്തും തയ്യാറാകുകയില്ല എന്നു നാം നിശ്ചയമായും തിരിച്ചറിഞ്ഞിരിക്കേണം. അത്തരമൊരാശയം യുക്തിഹീനമാണ്. ചിലർ വിചാരിക്കുന്നതുപോലെ ഈ വേദഭാഗത്ത് വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നുവെങ്കിലും, അല്ല കേവലം പരോക്ഷമായി സൂചിപ്പിക്കുന്നതേ ഉള്ളൂവെങ്കിലും ഭൂമിയിലെ തീരുമാനങ്ങൾ സ്വർഗ്ഗം മുൻനിശ്ചയിച്ച ന്യായവിധിക്ക് അനുരൂപമാണെങ്കിൽ മാത്രമേ സ്വർഗ്ഗം അത് അംഗീകരിക്കൂ എന്ന വസ്തുത നാം വിലമതിച്ചേ മതിയാവൂ. മത്തായി 16 പോലെ തന്നെ 18–ന്റെയും ശരിയായ അറിവിന് ഇത് അത്യന്താപേക്ഷിതമാണ്.

ഓരോ വ്യക്തിയോടുമുള്ള ബന്ധത്തിൽ ആർക്ക് രാജ്യത്തിലേക്ക് പ്രവേശനം അനുവദിക്കണം, ആർക്ക് പ്രവേശനം നിഷേധിക്കണം എന്ന് തീരുമാനിക്കുന്നതല്ല ഇവിടുത്തെ വിഷയമെന്ന് സ്പഷ്ടമാണ്. ഇവിടെ "കെട്ടുന്നത് ഒക്കെ"യാണ് വിഷയം അല്ലാതെ "കെട്ടുന്നവരൊക്കെ അല്ല". രാജ്യത്തോടുള്ള ബന്ധത്തിൽ പത്രോസിന്റെ വിശേഷ വിധിയായ ഉത്തരവാദിത്വം പിന്നീടുള്ള തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. പെന്തക്കോസ്ത് നാളിൽ (അ.പ്ര. 2) താൻ രക്ഷയ്ക്കായുള്ള ദൈവത്തിന്റെ വ്യവസ്ഥകൾ ആധികാരികമായി പ്രസ്താവിച്ചുകൊണ്ട് യെഹൂദന്മാർക്ക് പുതിയ രൂപത്തിലുള്ള രാജ്യത്തിന്റെ വാതിൽ ആദ്യമായി തുറന്നുകൊടുത്തു. ഇപ്രകാരം ക്രിസ്തുവിൽ സത്യവിശ്വാസികളായ ഏവർക്കും വാതിൽ തുറന്നു കൊടുക്കുകയും ക്രിസ്തുവിനെ തള്ളിക്കളയുന്ന ഏവനും മുമ്പാകെ വാതിൽ കൊട്ടിയടയ്ക്കുകയും ചെയ്തു. (അ.പ്ര. 4:11, 12). പിന്നീട് തന്നെ വിമർശിച്ച സഹോദരന്മാർക്കു മുമ്പാകെ (അ.പ്ര. 11) തന്റെ പ്രവർത്തികളെ വിശദീകരിച്ചുകൊണ്ട് തെളിവായും ദൈവം തന്റെ ബുദ്ധിയിൽ മുൻനിർണ്ണയിച്ച കാര്യം മാത്രമാണ് താൻ ചെയ്തതെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതും നാം വായിക്കുന്നു. (അ. പ്ര. 11:17, 18). ഇത് ഞങ്ങളെ സംബന്ധിച്ചിടത്തോളം കർത്താവ് ഈ അവസരത്തിൽ പത്രോസിനോട് പറഞ്ഞ വാക്കുകളുടെ സരളവും ഏറ്റവും തൃപ്തികരവുമായ വിശദീകരണമാണ്. അ.പ്ര. 14:27 ൽ പറഞ്ഞിരിക്കുന്ന വാക്കുകളുമായി നമുക്ക് ഇത് താരതമ്യം ചെയ്യുവാൻ കഴിയും. രാജ്യത്തിന്റെ വാതിൽ വിശ്വാസത്തിന്റെ വാതിലാണ്; കൂടാതെ പത്രോസ് നമ്മോടു പറയുംപോലെ ക്രിസ്തുവിൽ ഉള്ള വിശ്വാസമാണ് നമ്മെ സുരക്ഷിതമായി അടിസ്ഥാനത്തിന്മേൽ വയ്ക്കുന്നത്. "വിശ്വസിക്കാത്തവർക്കോ" ക്രിസ്തു "ഇടർച്ചക്കല്ലും, തടങ്കൽപാറയുമായിത്തീർന്നു. അവർ വചനം അനുസരിക്കായ്കയാൽ ഇടറി പോകുന്നു; അതിന് അവരെ വെച്ചുമിരിക്കുന്നു". (1 പത്രൊ. 2:7,8). അവിശ്വാസം മനുഷ്യനെ ദൈവരാജ്യത്തിന്റെ സകല അനുഗ്രഹങ്ങളിൽ നിന്നും ഫലപ്രദമായി ബഹിഷ്ക്കരിക്കും, കാരണം അതാണ് സ്വർഗ്ഗം "വെച്ചുമിരിക്കുന്നത്" അഥവാ നിയമിച്ചിരിക്കുന്നത്.